# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 1)281/2023.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 1)281/2023. തീയ്യതി: 01/04/2023

## തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-02-2022 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 18-02-2022 മുതൽ 30-11-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 16-12-2022 | 24-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-12-2022 | 24-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന.കെ.ടി, ഓഡിറ്റ് ഓഫീസർ

ശ്രീ. നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി സുമിത.ടി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.രഞ്ജിത്ത്.പി.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.കെ.റിജേഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| പ്രദീപ് പി.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 23-08-2021 |
| ഫ്രാൻസിസ് എം.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-08-2021 | 16-09-2021 |
| പ്രദീപ് പി.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അശ്വതി ജി പ്രസാദ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ആൻഡിസ് ജി ജോസഫ് | മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യ കേന്ദ്രം) | 01-04-2021 | 30-11-2021 |
| ഡോ.പീറ്റർ ജോസഫ് കിണറ്റിങ്കൽ | മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യ കേന്ദ്രം) | 01-12-2021 | 31-03-2022 |
| ഡോ.ഇന്ദു കെ.ബി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ജിബിന എം.എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ജിജു കെ.വി | വി ഇ ഒ (വെറ്റിലപ്പാറ) | 01-04-2021 | 26-09-2021 |
| രാഗി ഏണസ്റ്റ് | വി.ഇ.ഒ (വെറ്റിലപ്പാറ) | 27-09-2021 | 26-03-2022 |
| ബിജു സി.വി | വി.ഇ.ഒ (മലക്കപ്പാറ) | 01-04-2021 | 31-03-2022 |
| ഇന്ദു വിശ്വകുമാർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഫ്രാൻസിസ് എം.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| പൊന്നമ്പിളി കെ.എസ് | ഹെഡ്മിസ്ട്രസ് (ഇൻ ചാർജ്ജ്) | 01-04-2021 | 15-11-2021 |
| ലൂസി | ഹെഡ്മിസ്ട്രസ് (ഇൻ ചാർജ്ജ്) | 16-11-2021 | 01-12-2021 |

| | | | |
|---|---|---|---|
| ഷീന കെ എൻ | ഹെഡ്മിസ്ട്രസ് (ഇൻ ചാർജ്ജ്) | 02-12-2021 | 31-03-2022 |
| റാഷി പി ആർ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| സെബിൻ പി എഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷികകണക്ക് അപാകതകൾ | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 13 | വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല. | 1-10-3 |
| 14 | വസ്തു നികുതി - റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 15 | വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 16 | ലൈബ്രറി സെസ്സ്-വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല . | 1-10-6 |
| 17 | മുൻകൂർ തുക പൊരുത്തമില്ല. | 1-10-7 |
| 18 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-10-8 |
| 19 | മുൻകൂർ വരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. | 1-10-9 |
| 20 | "280000000-Prior Period Item"-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-10 |
| 21 | ജേണൽ എൻട്രികൾക്ക് വൌച്ചറുകൾ സൂക്ഷിക്കുന്നില്ല. | 1-10-11 |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-10-12 |
| 23 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-13 |
| 24 | വരവ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. | 1-10-14 |
| 25 | ഡിപ്രിയിസേഷൻ - വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-10-15 |

| | | |
|---|---|---|
| 26 | തൊഴിലുറപ്പ് പദ്ധതി-മൂലധനചെലവ് ആസ്തി ആയി ക്രമീകരിച്ചില്ല. | 1-10-16 |
| 27 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തമില്ല. | 1-10-17 |
| 28 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ അപാകതകൾ. | 1-10-18 |
| 29 | മുൻകൂർ ക്രമീകരിക്കാത്തത് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-10-19 |
| 30 | " Capital Contribution" ഒരേ തുക തന്നെ രേഖപ്പെടുത്തി. | 1-10-20 |
| 31 | വികസന ഫണ്ട് ടിഎസ് പി-അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും വാർഷികകണക്കും തമ്മിൽ വ്യത്യാസം | 1-10-21 |
| 32 | പഞ്ചായത്തിൽ റിസോർട്ട്/ഹോംസ്റ്റേ തുടങ്ങിയ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-11 |
| 33 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 34 | വസ്തു നികുതിയിൻമേൽ സേവന ഉപനികുതി ചുമത്തുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം-തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-13 |
| 35 | കെട്ടിടങ്ങളുടെ വിസ്തീർണ്ണം അനധികൃതമായി വ്യതിയാനം വരുത്തിയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നടത്തിയ പുന:പരിശോധന -കെട്ടിടങ്ങൾ ക്രമവൽക്കരിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതുമാണ് | 1-14 |
| 36 | വസ്തു നികുതി -കെട്ടിടങ്ങൾ ശരിയായ രീതിയിൽ കണക്കാക്കാത്തതുമൂലം നഷ്ടം സംഭവിക്കുന്നു | 1-15 |
| 37 | മഴക്കാല പൂർവ്വ ശുചീകരണ ഫണ്ട് കൈമാറിയത് -വിനിയോഗ സാക്ഷ്യപത്രം ഇല്ല. | 1-16 |
| 38 | അങ്കണവാടി പോഷകാഹാരം രേഖകൾ പൂർണ്ണമല്ല. 2463031രൂപ തടസ്സപ്പെടുത്തുന്നു. | 1-17 |
| 39 | ഭിന്ന ശേഷി കലോത്സവം-അപാകതകൾ | 1-18 |
| 40 | ഭിന്ന ശേഷി കുട്ടികൾക്ക് ഉപകരണങ്ങൾ-അപാകതകൾ-239160/-രൂപതടസ്സപ്പെടുത്തുന്നു. | 1-19 |
| 41 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല | 1-20 |
| 42 | ജാഗ്രത സമിതി -മാർഗ്ഗരേഖക്ക് വിരുദ്ധമായി നടപ്പാക്കി,ചെലവു രേഖകൾ പൂർണ്ണമല്ല.46699 രൂപ തടസ്സപ്പെടുത്തുന്നു. | 1-21 |
| 43 | വയോജന സംഗമം-മോണിറ്ററിങ്ങ് നടത്തിയിട്ടില്ല. | 1-22 |
| 44 | മെൻസ്ട്രുവൽ കപ്പ് വിതരണം-പദ്ധതി/സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതി,ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. | 1-23 |
| 45 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരുടെ വിവരങ്ങൾ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിൽ കാലതാമസം. | 1-24 |
| 46 | ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി. | 1-25 |
| 47 | ആദിവാസി വനിതകളുടെ ഗർഭകാലശുശ്രൂഷ-പദ്ധതിനടത്തിപ്പിലെ | 1-26 |

| | | |
|---|---|---|
| | അപാകതകൾ | |
| 48 | സാന്ത്വനപരിചരണം- ഹോംകെയർ ഇല്ലാത്ത ദിവസവും വാഹനത്തിന് വാടക. നൽകി-തുക തിരിച്ചടക്കേണ്ടതാണ് | 1-27 |
| 49 | വെട്ടിക്കുഴി പണ്ടാരംപാറപട്ടികവർഗ്ഗകോളനിയിൽ കുടിവെള്ളപദ്ധതിയുടെ അറ്റകുറ്റപ്പണി-പണി പൂർത്തിയാക്കി കരാറുകാരന് തുക നൽകിയപ്പോൾ ടെണ്ടർ ബിലോ 7% കുറയ്ക്കാതെ നൽകി | 1-28 |
| 50 | ക്യാൻ തൃശ്ശൂർ-വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്. | 1-29 |
| 51 | ജി.എസ്.ടി ഈടാക്കിയിട്ടില്ല.നഷ്ടം 6257/- | 1-30 |
| 52 | ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. | 1-31 |
| 53 | മരാമത്ത് പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല. | 1-32 |
| 54 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി:നാളിതുവരെ കമ്മീഷൻ ചെയ്തിട്ടില്ല | 1-33 |
| 55 | പ്രിന്റർ ലഭ്യമായിട്ടില്ല | 1-34 |
| 56 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-35 |
| 57 | ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സാന്ത്വനപരിചരണം- ഹോംകെയർ ഇല്ലാത്ത ദിവസവും വാഹനത്തിന് വാടക. നൽകി-തുക തിരിച്ചടക്കേണ്ടതാണ് | 3-1 |
| 2 | വെട്ടിക്കുഴി പണ്ടാരംപാറപട്ടികവർഗ്ഗകോളനിയിൽ കുടിവെള്ളപദ്ധതിയുടെ അറ്റകുറ്റപ്പണി-പണി പൂർത്തിയാക്കി കരാറുകാരന് തുക നൽകിയപ്പോൾ ടെണ്ടർ ബിലോ 7% കുറയ്ക്കാതെ നൽകി | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്- | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്- | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 8.02.21 1(1)നമ്പർ തീരുമാനം | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 194134600 | 191758750 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 23.02.2022 ലെ 2(2) നമ്പർ തീരുമാനം | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 178569800 | 180069960 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 20-05-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13805424.00 |
| വരവ് | 93170499.00 |
| ആകെ | 106975923.00 |
| ചെലവ് | 79965619.00 |
| നീക്കിയിരിപ്പ് | 27010304.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 45270400 | 45270400 | 28186484 | 17083916 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5584000 | 5584000 | 5490080 | 93920 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 4116000 | 4116000 | 3608164* | 507836 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4418000 | 4418000 | 4417316 | 684 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 10907368 | 10907368 | 6376379 | 4530989 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)Tied | 0 | 9474078 | 9474078 | 6480036 | 3194042 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 248 | 187143206 | 205 | 124950878 | 32 | 11 | 82.66% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| *ഭരണചെലവുകൾ | 765 | 1050058 | 1050823 | 1039611 | 11212 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36962672 | 36962672 | 36961917 | |

*വാർഷികകണക്കു പ്രകാരമുള്ള വരവുചെലവു കണക്കുകളാണ് ചേർത്തിരിക്കുന്നത്.

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 1157000 | 70 |
| വിധവാ പെൻഷൻ | 7969200 | 527 |
| വാർദ്ധക്യകാല പെൻഷൻ | 9556800 | 616 |
| വികലാംഗ പെൻഷൻ | 1338300 | 85 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 256000 | 14 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-12-2022 തീയതിയിൽ 2:50 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28665/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം സംബന്ധിച്ച പരാമർശങ്ങൾ ഈ റിപ്പോർട്ടിന്റെ വിവിധ ഖണ്ഡികകളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 വാർഷികകണക്ക് അപാകതകൾ

വാർഷികകണക്കുകളിലെ അപാകതകൾ താഴെ ചേർക്കുന്നു(ഓഡിറ്റ് എൻക്വയറി നമ്പർ-5/21.12.22).

### 1-10-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-10-2 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 380367 | 382734 | 3394 | 409 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 386128 | 382734 | 4248 | *409 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( 430/105X100)=410 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. ഡിമാന്റ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. മുൻകൂർ ക്രമീകരിച്ച തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

3. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു(ഡിമാന്റ്-കളക്ഷൻ+മുൻകൂർ= ബാലൻസ് ).

## 1-10-3 വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3128890 | 3098354 | 1922 | 31028 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3128890 | 3098354 | 133 | *31028 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 32586 /105X100 =31034) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ |

| | | | | | |
|---|---|---|---|---|---|
| | | | | | തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. മുൻകൂർ ക്രമീകരിച്ച തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു(ഡിമാന്റ്-കളക്ഷൻ+മുൻകൂർ= ബാലൻസ് ).

## 1-10-4 വസ്തു നികുതി - റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5296 | 1113 | 4182 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *4192 | 1113 | **4182 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (4402+=0/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (4402/105X100)=4192, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. ഡിമാന്റ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു(ഡിമാന്റ്-കളക്ഷൻ+മുൻകൂർ= ബാലൻസ് ).

## 1-10-5 വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 166057 | 26025 | 40034 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 141891 | 26024 | 140574 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *0+148986=148986/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(147603/105X100)=140574 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2.ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു(ഡിമാന്റ്-കളക്ഷൻ+മുൻകൂർ= ബാലൻസ).

## 1-10-6 ലൈബ്രറി സെസ്സ്-വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല .

1)തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 175436രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 176060 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട തുകയുമല്ല, മറിച്ച് 30133 രൂപയാണ്(വൗച്ചർ 42100258,42100303, 42100304, 42100307 തീ .31.3.2022(1988+4440 +14761+8944=30133)).

2)"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്‌മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)184481രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 8785 (184481/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ ചേർത്തിരിക്കുന്നത് 8828രൂപയാണ് . വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-10-7 മുൻകൂർ തുക പൊരുത്തമില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 20411 | 6075 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 1067 | 2360 |

## 1-10-8 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2021ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) . പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 58 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും

സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-9 മുൻകൂർ വരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 104080 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 139250 |

## 1-10-10 "280000000-Prior Period Item"-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100104-Prior Period Income-Property Tax On Non Residential Buildings | (26337.00) |
| 280200101-Prior Period Income-Rent From Building | 7100.00 |
| 280200401-Prior Period Income-Other Income | (119501.00) |
| 280800701-Prior Period-miscellaneous Expenses | (1067742.00) |

## 1-10-11 ജേണൽ എൻട്രികൾക്ക് വൌച്ചറുകൾ സൂക്ഷിക്കുന്നില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ

വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-13 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13204880.00 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 26359760.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-14 വരവ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4. ലൈബ്രറി രജിസ്റ്റർ

5. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

### 1-10-15 ഡിപ്രിയിസേഷൻ - വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2021-22 വർഷത്തെ Income And Expenditureപത്രിക പ്രകാരം 7674869.00 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

### 1-10-16 തൊഴിലുറപ്പ് പദ്ധതി-മൂലധനചെലവ് ആസ്തി ആയി ക്രമീകരിച്ചില്ല.

എ) പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനം36962672.00 റവന്യൂ ചെലവ് 36961917.00 രൂപയുമാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ കോൺക്രീറ്റ് റോഡ് നിർമിക്കുന്നതിനുള്ള 411537.00 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | തവളക്കുഴി പ്പാറ റോഡ് കോൺക്രീറ്റിങ്ങ് | 411537.00 |
| | | |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 411537.00 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ

411537.00രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോണ്ട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

ബി) തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം പഞ്ചായത്തിൽ കോൺക്രീറ്റ് റോഡ് നിർമിക്കുന്നതിനുള്ള 6 വർക്കുകൾ 21-22 ൽ നടത്തിയിട്ടുണ്ട്. ഈ വർക്കുകളുടെ അവിദഗ്ധ തൊഴിലാളി വേതനം മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ പേര് | അവിദഗ്ധ തൊഴിലാളി വേതനം ഇനത്തിൽ ചെലവഴിച്ച തുക |
|---|---|---|
| 1 | വാർഡ് 3കോഴിപറമ്പൻ റോഡ് | 13578 |
| 2 | വാർഡ് 1ആലുക്കാസ് റോഡ് | 7566 |
| 3 | വാർഡ് 1വെട്ടിക്കുഴി റോഡ് | 16005 |
| 4 | വാർഡ് 2പ്ളാക്ക റോഡ് | 14259 |
| 5 | വാർഡ് 4അരൂർമുഴി പറമ്പി റോഡ് | 11931 |
| 6 | വാർഡ് 1പടയാട്ടി റോഡ് | 11672 |

മേൽ തുക ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ / ആസ്തിയിൽ ഉൾപ്പെടുത്തേണ്ടായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

## 1-10-17 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തമില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള 31.03.2022 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7/B-12/B-18 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 31/3/2022 ലെ നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7പ്രകാരം 31/3/2022 ലെ നീക്കിയിരിപ്പ് |
|---|---|
| Deposit Received For Hall And Auditoium-24000 | 22000 |
| Contactors Retension-53500 | 35638 |
| Rent Deposit-1500 | 2500 |
| Bidders Security Deposit-4000 | 5250 |
| Contactors Security Deposit-600 | 90000 |

Contactors EMD യുടെ OB രജിസ്റ്ററിൽ 64750 രൂപയും വാർഷികകണക്കിൽ (20-21 ബി7ഷെഡ്യൂളിൽ ) 54750 രൂപയും ആണ്.

മേൽ അപാകത ചൂണ്ടിക്കാട്ടി എൻക്വയറി നൽകിയതിന് മറുപടി ആയി രജിസ്റ്റർ കൃത്യമാക്കിയതായി അറിയിച്ചു . എന്നാൽ രജിസ്ററർ പരിശോധിച്ചതിൽ സംക്ഷിപ്തത്തിൽ മാത്രമേ മാറ്റം വരുത്തിയിട്ടുള്ളു. രജിസ്റ്ററിന്റെ ഉള്ളടക്കത്തിൽ മാറ്റം വരുത്തിയിട്ടില്ല. രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-10-18 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ അപാകതകൾ.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ

ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/22 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ ബി4 ലെ 320100121, 320100199, 320200307, 320300103, 320300199 എന്നീ ഹെഡ്ഡുകളിൽ ഉൾപ്പെട്ട ഇനങ്ങൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320700204 | Contribution For Joint Venure Project- from Block Panchayath | 144395 | 450650109 | Treasury Special TSB-Joint Venture | 224310.00 |
| 2 | 320700205 | Contribution For Joint Venure Project- from Jilla Panchayath. | 180000<br>324395.00 | | | |

## 1-10-19 മുൻകൂർ ക്രമീകരിക്കാത്തത് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി18 പ്രകാരം മുൻകൂർ ആയി നിലനിൽക്കുന്ന 460500203 എന്ന ഹെഡ്ഡിലെ Advance To KSHB -1299817.00 രൂപയുടെ വിശദാംശം മുൻകൂർ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-10-20 " Capital Contribution" ഒരേ തുക തന്നെ രേഖപ്പെടുത്തി.

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-10-21 വികസന ഫണ്ട് ടിഎസ് പി-അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും വാർഷികകണക്കും തമ്മിൽ വ്യത്യാസം

വികസന ഫണ്ട് ടിഎസ് പിയുടെ ചെലവ് തുക സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും വാർഷികകണക്കിലും വ്യത്യാസം ഉണ്ട്. 120000 രൂപ വ്യത്യാസം വന്നതിന് കാരണം ബിൽ തയ്യാറാക്കി ട്രഷറിയിൽ നിന്നും മാറാതിരുന്നത് ക്യാൻസൽ ചെയ്യാതിരുന്നതിനാലാണ്. ആയതിനാൽ 21-22 ൽ പ്രസ്തുത വ്യത്യാസം നിലനിൽക്കുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 പഞ്ചായത്തിൽ റിസോർട്ട്/ഹോംസ്റ്റേ തുടങ്ങിയ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം, വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും മറ്റു സേവനങ്ങളും തുടങ്ങിയ കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്.

പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള വിവിധ പരസ്യ ബോർഡുകളിൽ നിന്നും ഇന്റർനെറ്റിലെ പരസ്യങ്ങളിൽ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന റിസോർട്ടുകൾ/ഹോട്ടലുകൾ/ഹോംസ്റ്റേകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടില്ല.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | റിച്ച്മണ്ട് ഹോംസ്റ്റേ |
| 2 | അതിരപ്പിള്ളി ക്ലൈരിന്റ് റിസോർട്ട്, കണ്ണംകുഴി |
| 3 | മാജിക് ലാന്റ് റിസോർട്ട്സ് |
| 4 | ഫാർമേഴ്സ് പാരഡൈസ് ഹോംസ്റ്റേ |
| 5 | റിവറോക്ക് വില്ലാസ്, കണ്ണംകുഴി |
| 6 | ലാൽ രചൻ ഹോംസ്റ്റേ, കണ്ണംകുഴി |
| 7 | കനോവ റിസോർട്ട്, കണ്ണംകുഴി |
| 8 | അതിരപ്പിള്ളി ടൂറിസ്റ്റ് ഹോം ലോഡ്ജ് |
| 9 | ലാസ മിറാന്റ റിസോർട്ട്, വെറ്റിലപ്പാറ |
| 10 | അതിരപ്പിള്ളി ഗ്രീൻലാന്റ് റിസോർട്ട് |
| 11 | ബെഥാനിയ റിസോർട്ട്, കണ്ണംകുഴി |
| 12 | സിൽവർസ്റ്റോം റിസോർട്ട് |
| 13 | നിരാമയ റിസോർട്ട്സ്, സംരോഹ, കണ്ണംകുഴി |
| 14 | മഷ്റൂം ഹട്ട് റിസോർട്ട് |
| 15 | സീഹൈം ( Seeheim) റിസോർട്ട്, കണ്ണംകുഴി |

മേൽ സൂചിപ്പിച്ച മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ ലൈസൻസ് ഫീ ഡിമാൻഡ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ടി സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് അനുവദിച്ചിട്ടുള്ള കെട്ടിട നമ്പറുകളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/21.12.2021), പ്രസ്തുത സ്ഥാപനങ്ങളിൽ നിരാമയ റിസോർട്ട്സ്, സംരോഹ, കണ്ണംകുഴി എന്ന ഒരേയൊരു സ്ഥാപനത്തിനു മാത്രമേ 2021-22 വർഷത്തിൽ സാധുതയുള്ള ലൈസൻസ് അനുവദിച്ചിട്ടുള്ളൂ എന്നും പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള വിവിധ പരസ്യ ബോർഡുകളും ഇന്റർനെറ്റിലെ പരസ്യങ്ങളും, 2021-22 സാമ്പത്തിക വർഷം ടി സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നു എന്നതിനുള്ള ആധികാരിക രേഖയായി പരിഗണിക്കാവുന്നതല്ലെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

<u>ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല</u>

ഗ്രാമപഞ്ചായത്തിൽ വാർഡ് തലത്തിൽ ഫീൽഡ് വെരിഫിക്കേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് ഭൂപ്രദേശം കൂടുതൽ വനമേഖലകൾ ഉൾപ്പെടുന്നതാണ്. ആയതിനാൽ വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുമ്പോൾ നൂതനസാങ്കേതിക വിദ്യയുടെ സഹായം

ഉൾക്കൊള്ളിക്കാവുന്നതാണ്. പഞ്ചായത്തിൽ നിന്ന് വാണിജ്യാവശ്യത്തിനുള്ള പെർമിറ്റ് നേടി പണി കഴിപ്പിച്ച സ്ഥാപനങ്ങൾ പിന്നീട് സേവനങ്ങൾ നടത്തി തുടങ്ങുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ വാർഡ് തലത്തിലുള്ള പരിശോധന വഴി ബോധ്യപ്പെടുന്നതാണ്. ഇത്തരത്തിൽ കാര്യക്ഷമമായ രീതിയിലുള്ള പ്രാദേശിക പരിശോധനകൾ വഴി മേൽ പറഞ്ഞ സ്ഥാപനങ്ങൾ ഉൾപ്പടെ മുഴുവൻ സ്ഥാപങ്ങളെയും ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തി നിയമാനുസൃതം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താവുന്നതാണ്.

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതുമാണ്.

മേൽ പറഞ്ഞ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം (കെട്ടിടനമ്പർ ഉൾപ്പടെ) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

1. 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | തുമ്പൂർമുഴി ഡാം & ബട്ടർഫ്ലൈ ഗാർഡൻസ് | I&II |
| 2 | ഇൻസ്പെക്ഷൻ ബംഗ്ലാവ്, തുമ്പൂർമുഴി | I&II |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(02/21.12.2022), ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം, ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ത.സ്വ.ഭ.വ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം തൊഴിൽ നികുതി അടവാക്കേണ്ട അംഗീകൃത കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | അർദ്ധവർഷം | തൊഴിൽ നികുതി |
|---|---|---|---|
| 1 | സുരേഷ് സി വി | I | 1250 |
| 2 | ഗീമോൻ പി ജോസ് | I&II | 2500 |
| 3 | കെ. എം. പോൾസൺ | I&II | 2500 |
| 4 | ബിജു പി ബി | II | 1250 |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തുക ഈടാക്കുകയോ അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-13 വസ്തു നികുതിയിൻമേൽ സേവന ഉപനികുതി ചുമത്തുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം-തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 (2) പ്രകാരം, ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രൈനേജും എന്നിവക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 2011 ലെ വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവ പ്രകാരവും പ്രസ്തുത സേവനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 1 മുതൽ 7 വാർഡുകളിൽ ഹരിത കർമ്മ സേനയെ ഉപയോഗിച്ച് പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ടി വാർഡുകളിൽ വസ്തു നികുതിയിൽ, 2011 ലെ വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 27 എ പ്രകാരം സേവന ഉപനികുതി ചുമത്താവുന്നതാണെന്നും, ഗ്രാമപഞ്ചായത്തിൻറെ മുഴുവൻ പ്രദേശങ്ങളിലും ഹൈമാസ്റ്റ് ഉൾപ്പടെയുള്ള സ്ട്രീറ്റ് ലൈറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതും വഴിവിളക്കിൻറെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് പ്രതിവർഷം 10 ലക്ഷം രൂപയിലേറെ ചെലവ് വരുന്നതും ഗ്രാമപഞ്ചായത്തിലെ നിലവിലെ വരുമാനം, വഴിവിളക്ക് വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് അപര്യാപ്തമാണെന്നതിനാൽ മേൽചട്ടങ്ങളിലെ ചട്ടം 27 സി പ്രകാരം സേവന ഉപനികുതി ഏർപ്പെടുത്താവുന്നതാണെന്നും പഞ്ചായത്ത് ഭരണസമിതി വിശദമായി ചർച്ച ചെയ്യുകയും, വസ്തു നികുതിയുടെ 10%, സേവന ഉപനികുതിയിനത്തിൽ 2021-22 രണ്ടാം അർദ്ധവർഷം മുതൽ പ്രാബല്യത്തിൽ ചുമത്തുന്നതിന് 30.04.2021 ലെ 4(1) തീരുമാനം പ്രകാരം ഐകകണ്ഠേന തീരുമാനിച്ചിട്ടുള്ളതുമാണ്.

എന്നാൽ അതിരപ്പള്ളി പഞ്ചായത്തിൽ 2021-22 രണ്ടാം അർദ്ധവർഷം മുതൽ 10% സേവന ഉപനികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത ഭരണസമിതി തീരുമാനത്തിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദവിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/21.12.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ ഭരണസമിതി തീരുമാനത്തിൻമേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 കെട്ടിടങ്ങളുടെ വിസ്തീർണ്ണം അനധികൃതമായി വ്യതിയാനം വരുത്തിയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നടത്തിയ പുന:പരിശോധന -കെട്ടിടങ്ങൾ ക്രമവൽക്കരിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ, നിരവധി കെട്ടിടങ്ങളുടെ വിസ്തീർണ്ണം അനധികൃതമായി വ്യതിയാനം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയത് പഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ വലിയ വരുമാന നഷ്ടം ഉണ്ടാക്കുന്നതിനാൽ 1 മുതൽ 7 വരെയുള്ള വാർഡുകളിലെ കൊമേർഷ്യൽ കെട്ടിടങ്ങളുടെ ടാക്സ് ഓഡിറ്റ് ആദ്യ ഘട്ടമായും, 200 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള വീടുകളുടെ ടാക്സ് ഓഡിറ്റ് രണ്ടാം ഘട്ടമായും നടത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ 30.04.2021 ലെ 5(1) തീരുമാനം പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തുവാൻ ക്ളർക്കുമാരായ അനന്തു രവി, കെ ആർ അനന്തകൃഷ്ണൻ, സഹായിയായി അജിൽ എ എ (സിവിൽ ഡിപ്ലോമ) എന്നിവരെ നിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ് (ഫയൽ നം. B1-4240/21). പ്രസ്തുത പരിശോധനകളുടെ ഫലമായി, കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ ഉടമകൾക്ക് കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള നോട്ടീസ് അയക്കുകയും പിന്നീട് സർവ്വേയുടെ ഭാഗമായി നൽകിയ കത്തിടപാടുകളിൽ അപേക്ഷ സമർപ്പിക്കാത്ത വ്യക്തികൾ/സ്ഥാപനങ്ങൾക്കുള്ള ഓർമ്മക്കുറിപ്പ് കത്ത് അയക്കുകയും ചെയ്തിട്ടുള്ളതാണ്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| Sl. No | Owner Name | Building Number | Date Of Inspection | Area As Per Panchayat Records (Sq.mtr) | Actual Area (Sq.mtr) | Type Of Roof | Letter No & Date | Reminder Letter Date |
|---|---|---|---|---|---|---|---|---|
| 1 | P.M POLY, Golden Valley Residency | 3/254 A | 02.12.21 | 166.29 | 206.77 | Concrete | B1-4240/ 07.12.21 | 31.12.21 |
| | | 3/254 B | | 180.87 | 212.77 | Concrete | | |
| | | 3/254 C | | 191.79 | 212.77 | Concrete | | |
| 2 | Jayan T V, Vettilappara | 2/19 A | 04.12.21 | GF 59.40 FF 59.40 | GF 74.70 FF | Concrete | B1-4240/ 09.12.21 | 31.12.21 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | 74.70 | | | |
| 3 | Ammini E K Thachiyath | 7/189 | 27.10.21 | GF 70.06 | GF 148.20 FF 148.20 | GF – Concrete FF -Sheet | B1-4240/ 28.10.21 | 24.11.21 |
| 4 | Manoj Vadakkumpadan | 7/157 | 23.12.21 | 25 | 90.75 | Sheet | B1-4240/ 23.12.21 | - |
| 5 | Devassy, Mecheri | 7/173 | 23.12.21 | 30 | 72 | Concrete | B1-4240/ 10.01.22 | - |
| 6 | Tedy George | 5/293 | 03.11.21 | 127 | GF-131.02 FF-165.63 | GF-Concrete FF- Roof Tile | B1-4240/ 05.11.21 | 24.11.21 |

ഇത്തരത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(12/22.12.2022) മറുപടി ലഭ്യമാക്കിയില്ല.
അനധികൃതമായി കൂട്ടിച്ചേർക്കലുകൾ വരുത്തിയ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് ഉടമകൾക്ക് മുന്നറിയിപ്പ് കത്ത് നൽകി ഒരു വർഷത്തിലേറെയായിട്ടും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഇത്തരത്തിലുള്ള അനധികൃത കൂട്ടിച്ചേർക്കലുകൾ ക്രമവൽക്കരിക്കുകയോ വസ്തുനികുതി പുനർ നിർണ്ണയിക്കുകയോ ചെയ്യാത്തതുമൂലം പഞ്ചായത്തിന് വൻതുക വരുമാന നഷ്ടം സംഭവിക്കുന്നു. മേൽപട്ടികയിലെ കെട്ടിടങ്ങൾ ഉൾപ്പടെ, പരിശോധന നടത്തി അനധികൃത നിർമ്മാണം കണ്ടെത്തിയ കെട്ടിടങ്ങളെല്ലാം തന്നെ ക്രമവൽക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും ആയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-15 വസ്തു നികുതി -കെട്ടിടങ്ങൾ ശരിയായ രീതിയിൽ കണക്കാക്കാത്തതുമൂലം നഷ്ടം സംഭവിക്കുന്നു

അതിരപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ രേഖകൾ, സഞ്ചയ സോഫ്റ്റ് വെയർ രേഖകൾ, പഞ്ചായത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള പരസ്യ ബോർഡുകൾ, ഇന്റർനെറ്റിൽ നിന്നുള്ള പരസ്യങ്ങൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ തെറ്റായി നികുതി നിർണ്ണയം നടത്തിയതിനാൽ പഞ്ചായത്തിന് വൻതോതിൽ വരുമാന നഷ്ടം സംഭവിക്കുന്നു.

1. 7-ാം വാർഡിൽ (അതിരപ്പിള്ളി) സ്ഥിതി ചെയ്യുന്ന , 290.27 ച.മീ വിസ്തീർണ്ണമുള്ള, 7/138 A നമ്പർ കെട്ടിടത്തിൽ ഫോറസ്റ്റ് വില്ല എന്ന സ്ഥാപനം എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ലോഡ്ജ് കാറ്റഗറിയിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 30 രൂപ നിരക്കിലാണ് ടി സ്ഥാപനത്തിന്റെ വസ്തുനികുതി കണക്കാക്കിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ, 'ഫോറസ്റ്റ് വില്ല' ഹോട്ടൽ ആയിട്ടാണ് പ്രവർത്തിക്കുന്നത് എന്നാണ് പരസ്യപ്പെടുത്തിയിട്ടുള്ളത്. ആയതുപ്രകാരം, കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കുമ്പോൾ ച.മീറ്ററിന് 30 രൂപക്കു പകരം, 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ കാറ്റഗറിയിൽ ഉൾപ്പെടുത്തി, അതിരപ്പിള്ളി ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ച.മീറ്ററിന് 70 രൂപ എന്ന നിരക്കിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം കണക്കാക്കേണ്ടതുണ്ട്.

| Floor Area | Building Category | Rate | Basic Tax | Less Zone-10% Aging-10% | Add Road-20% Floor-15% TOTAL 35% | Net Tax | Lib. Cess 5% | Total Tax |
|---|---|---|---|---|---|---|---|---|
| GF-216.27 FF-74 | Hotel | 70 | 20319 | Nil | 7112 | 27431 | 1372 | 28803 |

നിലവിൽ ച.മീറ്ററിന് 30 രൂപ നിരക്കിൽ ആകെ വാർഷിക വസ്തു നികുതി 12344 രൂപ മാത്രമാണ് ഈടാക്കുന്നത്. ആയതിനാൽ വർഷംതോറും 16459 രൂപയുടെ നഷ്ടം സംഭവിക്കുന്നു.

2. 6-ാം വാർഡിൽ(പിള്ളപ്പാറ) സ്ഥിതി ചെയ്യുന്ന 112.03ച.മീ വിസ്തീർണ്ണമുള്ള, 6/221 നമ്പർ കെട്ടിടത്തിൽ റിവർ

വൈൽഡ് കോട്ടേജ് എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നയ ലോഡ്ജ് കാറ്റഗറിയിൽ ഉൾപ്പെടുത്തി, ച.മീറ്ററിന് 30 രൂപ നിരക്കിലാണ് ടി കെട്ടിടത്തിന്റെ വസ്തുനികുതി കണക്കാക്കിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ വെബ്സൈറ്റ് പരിശോധിച്ചതിൽ നിന്നും ഹോംസ്റ്റേ ആയിട്ടാണ് പ്രവർത്തിക്കുന്നത് എന്നാണ് പരസ്യപ്പെടുത്തിയിട്ടുള്ളത്. ആയതിൻപ്രകാരം കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കുമ്പോൾ ച.മീറ്ററിന് 30 രൂപക്കു പകരം, സ്വകാര്യ ഹോസ്റ്റൽ/ഹോംസ്റ്റേ കാറ്റഗറിയിൽ ഉൾപ്പെടുത്തി അതിരപ്പിള്ളി ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച, ച.മീറ്ററിന് 50 രൂപ എന്ന നിരക്കിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം കണക്കാക്കേണ്ടതുണ്ട്.

| Floor Area | Building Category | Rate | Basic Tax | Less Zone-10% Aging-10% | Add A/c-10% | Net Tax | Lib. Cess 5% | Total Tax |
|---|---|---|---|---|---|---|---|---|
| 112.03 | Homestay | 50 | 5602 | Nil | 336 | 5938 | 297 | 6235 |

നിലവിൽ ച.മീറ്ററിന് 30 രൂപ നിരക്കിൽ ആകെ വാർഷിക വസ്തു നികുതി 3882 രൂപ മാത്രമാണ് ഈടാക്കുന്നത്. വർഷംതോറും 2353 രൂപയുടെ നഷ്ടം സംഭവിക്കുന്നു.

3. 6-ാം വാർഡിൽ(പിള്ളപ്പാറ) സ്ഥിതി ചെയ്യുന്ന , താഴത്തെ നിലയിൽ 372 ച.മീ , ഒന്നാം നിലയിൽ 334 ച.മീ, രണ്ടാം നിലയിൽ 225ച.മീ, മൂന്നാം നിലയിൽ 47 ച.മീ എന്നിങ്ങനെ വിസ്തീർണ്ണമുള്ള, 6/256 B നമ്പർ കെട്ടിടത്തിൽ റെയിൻലാന്റ് റിസോർട്ട് അതിരപ്പിള്ളി എന്ന റിസോർട്ട് പ്രവർത്തിക്കുന്നുണ്ട്. ലോഡ്ജ് കാറ്റഗറിയിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 30 രൂപ നിരക്കിലാണ് ടി കെട്ടിടത്തിന്റെ വസ്തുനികുതി കണക്കാക്കിയിട്ടുള്ളത്. എന്നാൽ പരസ്യ ബോർഡുകളിലും സ്ഥാപനത്തിന്റെ വെബ്സൈറ്റിലും റിസോർട്ട് ആയിട്ടാണ് പ്രവർത്തിക്കുന്നത് എന്നാണ് പരസ്യപ്പെടുത്തിയിട്ടുള്ളത്. ആയതിൻപ്രകാരം വസ്തു നികുതി കണക്കാക്കുമ്പോൾ, ച.മീറ്ററിന് 30 രൂപ നിരക്കിനു പകരം, റിസോർട്ട് കാറ്റഗറിയിൽ ഉൾപ്പെടുത്തി അതിരപ്പിള്ളി ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച, ച.മീറ്ററിന് 90 രൂപ എന്ന നിരക്കിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം കണക്കാക്കേണ്ടതുണ്ട്.

| Floor Area (In Sq.mtr) | Building Category | Rate | Basic Tax | Less Zone-20% | Add Road-20% Floor-15% A/c- 10% TOTAL 45% | Net Tax | Lib Cess 5% | Total Tax |
|---|---|---|---|---|---|---|---|---|
| GF- 372<br>FF- 334<br>SF- 225<br>TF-47<br>Total -978 | Resort | 90 | 88020 | 17604 | 39609 | 110025 | 5501 | 115526 |

നിലവിൽ ച.മീറ്ററിന് 30 രൂപ നിരക്കിൽ ആകെ വാർഷിക വസ്തു നികുതി 38509 രൂപ മാത്രമാണ് ഈടാക്കുന്നത്. വർഷംതോറും 77017 രൂപയുടെ നഷ്ടം സംഭവിക്കുന്നു.

4. 2-ാം വാർഡിൽ(ചിക്ലായ്) സ്ഥിതി ചെയ്യുന്ന, താഴത്തെ നിലയിൽ 225.83 ച.മീ , ഒന്നാം നിലയിൽ 225.83 ച.മീ എന്നിങ്ങനെ വിസ്തീർണ്ണമുള്ള 2/229 B നമ്പർ കെട്ടിടത്തിൽ ഹൈഡൽ പാലസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ലോഡ്ജ് കാറ്റഗറിയിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 30 രൂപ നിരക്കിലാണ് ടി കെട്ടിടത്തിന്റെ വസ്തുനികുതി കണക്കാക്കിയിട്ടുള്ളത്. എന്നാൽ പരസ്യ ബോർഡുകളിലും സ്ഥാപനത്തിന്റെ വെബ്സൈറ്റിലും ഹൈഡൽ പാലസ് ഹോട്ടൽ എന്നാണ് പരസ്യപ്പെടുത്തിയിട്ടുള്ളത്. ആയതിൻപ്രകാരം വസ്തു നികുതി കണക്കാക്കുമ്പോൾ ച.മീറ്ററിന് 30 രൂപ നിരക്കിനു പകരം, 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ കാറ്റഗറിയിൽ ഉൾപ്പെടുത്തി, അതിരപ്പിള്ളി ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ച.മീറ്ററിന് 70 രൂപ എന്ന നിരക്കിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം കണക്കാക്കേണ്ടതുണ്ട്.

| Floor Area (Sq.mtr) | Building Category | Rate | Basic Tax | Less Zone-10% Aging -10% | Add Road-20% Floor-15% A/C-10% TOTAL 45% | Net Tax | Lib Cess 5% | Total Tax |
|---|---|---|---|---|---|---|---|---|
| GF-225.83 FF-225.83 | Hotel | 70 | 31616 | Nil | 14227 | 45843 | 2292 | 48135 |

നിലവിൽ ച.മീറ്ററിന് 30 രൂപ നിരക്കിൽ ആകെ വാർഷിക വസ്തു നികുതി 20631 രൂപ മാത്രമാണ് ഈടാക്കുന്നത്. വർഷംതോറും 27504 രൂപയുടെ നഷ്ടം സംഭവിക്കുന്നു.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/23.12.2022) മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്തിന്റെ മുഖ്യ നികുതി വരുമാന സ്രോതസ്സ് വസ്തുനികുതിയാണ്. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷ സാഹചര്യം പരിഗണിക്കുമ്പോൾ വസ്തു നികുതിയിനത്തിൽ നോൺ റസിഡൻഷ്യൽ കാറ്റഗറിയിലുള്ള ഇത്തരത്തിലുള്ള (റിസോർട്ട്/ഹോട്ടൽ/ഹോംസ്റ്റേ) കെട്ടിടങ്ങളിൽ നിന്നാണ് വരുമാനത്തിന്റെ സിംഹഭാഗവും ലഭിക്കുന്നത് എന്നതിനാൽ, മേൽ വിവരിച്ച പ്രകാരം വസ്തുനികുതി തെറ്റായി കണക്കാക്കുന്നതുമൂലം പഞ്ചായത്തിന് വൻതോതിൽ വരുമാന നഷ്ടം സംഭവിക്കുന്നു. മേൽ പ്രതിപാദിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും നികുതി ഈടാക്കിയതിലുള്ള കുറവ് കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റിസോർട്ട്/ഹോട്ടൽ/ഹോംസ്റ്റേ കാറ്റഗറിയിൽപ്പെട്ട സ്ഥാപനങ്ങളെ, സഞ്ചയയിൽ ലോഡ്ജ് കാറ്റഗറിയിൽ ഉൾപ്പെടുത്തി തെറ്റായി നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ആയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 മഴക്കാല പൂർവ്വ ശുചീകരണ ഫണ്ട് കൈമാറിയത് -വിനിയോഗ സാക്ഷ്യപത്രം ഇല്ല.

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ ഫണ്ട് വാർഡ് തല ശുചിത്വ കമ്മറ്റിക്ക് കൈമാറിയതിന് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു. 22100952/22.2.22 പ്രകാരം കൈമാറിയ 120000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഇല്ല. എന്നാൽ പ്രസ്തുത തുക മുൻകൂർ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| | | | |
|---|---|---|---|
| 1 | 22100086/3.5.21 | 130000 | 10000രൂപയുടെ വിനിയോഗ |

| | | | |
|---|---|---|---|
| | | | സാക്ഷ്യപത്രം ഇല്ല. |
| 2 | 22100952/22.2.22 | 120000 | 120000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഇല്ല. |

വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 അങ്കണവാടി പോഷകാഹാരം രേഖകൾ പൂർണ്ണമല്ല. 2463031രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ-3/22

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

അങ്കണവാടി പോഷകാഹാരം പദ്ധതിക്കായി പിൻവലിച്ച താഴെ പറയുന്ന ബില്ലുകളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

എ) ബിൽ നമ്പർ- 8/1.11.21 -1602270

ബിൽ നമ്പർ 12/ 20.1.22 - 101950

ബിൽ നമ്പർ- 22/19.3.22 -422719

411623 രൂപ സുലേഖ ചെലവ് പത്രികയിൽ കേന്ദ്രാവിഷ്കൃത പദ്ധതി ചെലവായി കാണിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല.അങ്കണവാടി പോഷകാഹാര പദ്ധതിയുടെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്ക് ഹാജരാക്കിയില്ല.ആയതിനാൽ ചെലവ് തുക 2463031രൂപ(ആകെ ചെലവ് തുക) തടസ്സപ്പെടുത്തുന്നു.

## 1-18 ഭിന്ന ശേഷി കലോത്സവം-അപാകതകൾ

പദ്ധതി നമ്പർ-112/22

ബിൽ നമ്പർ-29/30.3.22-53475/-

പങ്കെടുത്തവരുടെ അറ്റൻഡൻസ്, ഡോക്യുമെന്റേഷൻ(നോട്ടീസ്,ഫോട്ടോസ്) എന്നിവ ഫയലിൽ ഇല്ല. മേൽ ബില്ലിൽ നിന്നും പിൻവലിച്ച 40975 രൂപ സൂപ്പർവൈസറുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിന് ആധാരമായി സൂര്യ സൂപ്പർബസാർ എന്ന കടയുടെ 39900 രൂപയുടെ, 1075 രൂപയുടെ ബാനർ എന്നിവയുടെ ബിൽ ആണ് ഫയലിൽ ഉള്ളത്. പ്രസ്തുത സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് പണം നൽകുന്നതിനു പകരം സൂപ്പർവൈസർ നേരിട്ട് പണം നൽകുവാനിടയായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും എൻക്വയറിക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-19 ഭിന്ന ശേഷി കുട്ടികൾക്ക് ഉപകരണങ്ങൾ-അപാകതകൾ-239160/-രൂപതടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ-102/22

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

ബിൽ നമ്പർ-21/10.3.22-139249/-

ഭിന്ന ശേഷി കുട്ടികൾക്ക് ഉപകരണങ്ങൾ എന്ന പദ്ധതിക്കായി മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ രേഖകൾ, വിതരണ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കേരള സ്റ്റേറ്റ് ഹാൻഡികാപ്പ്ഡ് പേഴ്സൺസ് കോർപ്പറേഷനിൽ നിന്ന് ഇൻവോയ്സ് നമ്പർ 159/27.2.22 പ്രകാരം 139249 രൂപക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ശിവപ്രസാദ് എന്ന ഭിന്നശേഷിക്കാരനായ കുട്ടിക്ക് ഭിന്ന ശേഷി സൗഹൃദ ശൗചാലയം പണിയുന്നതിന് സോഷ്യോ ഇക്കണോമിക് യൂണിറ്റിനെ ഏൽപ്പിക്കുകയും സോഷ്യോ ഇക്കണോമിക് യൂണിറ്റിന് 99911 രൂപ കൈമാറുകയും ചെയ്തു . സോഷ്യോ ഇക്കണോമിക് യൂണിറ്റിനെ ഇത്തരം ഒരു ജോലി ഏൽപ്പിക്കാൻ (ടെണ്ടർ നടപടി കൂടാതെ) ആധാരമായ സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കിയില്ല. കൂടാതെ മേൽ കുട്ടിക്ക് ഈ ആവശ്യം സാക്ഷ്യപ്പെടുത്തിയ ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല. മേൽ രേഖകളുടെ അഭാവത്തിൽ ചെലവു തുക (239160/-രൂപ)തടസ്സപ്പെടുത്തുന്നു.( ഓഡിറ്റ് എൻക്വയറി നം. 15/22.12.22)

## 1-20 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

പദ്ധതി നമ്പർ-10/22

ബിൽ നമ്പർ-3/1.10.21-85500

ബിൽ നമ്പർ-4/10.10.21-100000

ബിൽ നമ്പർ-10/02.1.22-157200

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിക്കായി ട്രഷറി ബിൽ ബുക്ക് ക്രമ നമ്പർ-26/30.3.22 പ്രകാരം 57300 രൂപ പിൻവലിച്ചിട്ടുണ്ട്. ഈ ബില്ലിന് ആധാരമായ ചെലവുരേഖകൾ, ട്രഷറി ബിൽ 59 E എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.ചെലവു രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.(57300/-) (ഓഡിറ്റ് എൻക്വയറി നം. 15/22.12.22)

## 1-21 ജാഗ്രത സമിതി -മാർഗ്ഗരേഖക്ക് വിരുദ്ധമായി നടപ്പാക്കി,ചെലവു രേഖകൾ പൂർണ്ണമല്ല.46699 രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ-11/22

ബിൽ നമ്പർ- 14/16.2.22-30696/-

ബിൽ നമ്പർ-13/8.2.22-16003/-

നിർവ്വഹണ ഉദ്യോഗസ്ഥ - ഐസിഡിഎസ് സൂപ്പർവൈസർ

ബോധവത്കരണ ക്ളാസ്സ് മാത്രമാണ് ഈ പദ്ധതിയിൽ നടത്തിയിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ബിൽ നമ്പർ-13/8.2.22-16003/- രൂപ പിൻവലിച്ചത് 15600 രൂപ സൗമിനി.എംസി എന്നയാളുടെ അക്കൗണ്ടിലേക്കും 403 രൂപ ഐസിഡിഎസ് സൂപ്പർവൈസറുടെ അക്കൗണ്ടിലേക്കും നൽകിയിട്ടുണ്ട്.എന്നാൽ ചെലവുരേഖകൾ ഫയലിൽ ഇല്ല.
2. സ.ഉ (കൈ) നം.22/2018 തസ്വഭവ തീ.14.2.2018 ഖ.8.4 പ്രകാരം ഉൽപാദന പരമല്ലാത്ത ബോധവത്കരണ ക്ളാസ്സുകൾക്ക് മാത്രമായി പദ്ധതി തയ്യാറാക്കുവാൻ പാടില്ല.

ആയതിനാൽ ചെലവുതുക 46699 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.15/22.12.22)

## 1-22 വയോജന സംഗമം-മോണിറ്ററിങ്ങ് നടത്തിയിട്ടില്ല.

പദ്ധതി നമ്പർ-111/22
നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിസ് സൂപ്പർവൈസർ

ബിൽ നമ്പർ-25/30.3.22-24372/-

ബിൽ നമ്പർ-27/30.3.22-2000/-

വയോജന സംഗമം എന്ന പദ്ധതിക്കായി മേൽ പ്രകാരം 24372/- രൂപ ചെലവഴിച്ചിട്ടുണ്ട്.(ഭക്ഷണം, ബാനർ ...) എന്നാൽ പദ്ധതിയുടെ ഡോക്യുമെന്റേഷൻ(നോട്ടീസ്, ഫോട്ടോസ്, അറ്റൻഡൻസ്) ) മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല.മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതി നടപ്പിലാക്കിയതിന്റെ ആധികാരികത ഓഡിറ്റിന് വിലയിരുത്തുവാൻ സാധിച്ചിട്ടില്ല. മേൽ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 മെൻസ്ട്രുവൽ കപ്പ് വിതരണം-പദ്ധതി/സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതി,ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല.

പദ്ധതി നമ്പർ-116/22

ബിൽ നമ്പർ-28/30.3.22-42937/-

ബിൽ നമ്പർ-23/25.3.22-91360/-
നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

മെൻസ്ട്രുവൽ കപ്പ് വിതരണം എന്ന പദ്ധതിക്കായി മേൽ പ്രകാരം 134927 രൂ ചെലവഴിച്ചിട്ടുണ്ട്. KSCCF Ltd. NMS എന്ന സ്ഥാപനത്തിൽ നിന്നാണ് മെൻസ്ട്രുവൽ കപ്പ് വാങ്ങിയിരിക്കുന്നത്. പദ്ധതിയുടെ അപാകതകൾ താഴെ ചേർക്കുന്നു.

1. മേൽ പദ്ധതി ഏറ്റെടുക്കുന്നതിന് പദ്ധതി/സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശമില്ല.
2. ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ആയതിനാൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരുടെ വിവരങ്ങൾ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിൽ കാലതാമസം.

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ, സാമൂഹ്യ സുരക്ഷാപെൻഷൻ ഫയൽ പരിശോധനയിൽ, സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം ഏതാണ്ട് ഒരു വർഷത്തോളം, ഈ ഗുണഭോക്താവ് പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കപ്പെടാതെ നിൽക്കുന്നതായും, ടിയാളുടെ എക്കൗണ്ടിലേക്ക് പെൻഷൻ തുക വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരിച്ച ഗുണഭോക്താക്കൾക്ക് അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും, മരണ സർട്ടിഫിക്കറ്റ്, മരണം നടന്ന് അധികം താമസിയാതെ തന്നെ നൽകിയിട്ടുണ്ട് എങ്കിലും, പെൻഷൻ ഡാറ്റാബേസിൽ നിന്നും ഗുണഭോക്താവിന്റെ പേര് നീക്കം ചെയ്യുന്നതിൽ പിന്നെയും കാലതാമസം നേരിടുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | സാമൂഹ്യ സുരക്ഷാപെൻഷൻ തരം | മരണം നടന്ന തിയതി | മരണസർട്ടിഫിക്കറ്റിന്റെ വിവരങ്ങൾ | ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|
| വേലായുധൻ,ചെരുപറമ്പിൽ | വാർദ്ധക്യകാല പെൻഷൻ | 9-9-2019 | അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്.10-10-2019 | 9/22 |
| സാദിക്ക് | വാർദ്ധക്യകാല പെൻഷൻ | 30-1-2021 | അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്,10-3-21 | 9/22 |
| സരോജിനി.എ.കെ,ചെഞ്ചേരി | വിധവാ പെൻഷൻ | 31-5-2019 | അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്,1-7-2019 | 9/22 |
| കാർത്തു,മലയൻവീട് | വിധവാ പെൻഷൻ | 10-3-20 | അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്,16-4-20 | 9/22 |
| സരസു,പ്ലാവിട വീട് | വാർദ്ധക്യകാല പെൻഷൻ | 2-2-2017 | അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്,5-5-2017 | 9/22 |
| ബാലൻ,വെള്ളാങ്കല്ലുക്കാരൻ | വാർദ്ധക്യകാല പെൻഷൻ | 29-10-2019 | അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്,28-11-2019 | 9/22 |
| അമ്മിണി,അപ്പോഴിയിൽ വീട് | വാർദ്ധക്യകാല പെൻഷൻ | 7-4-2019 | അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്, | 9/22 |

ധനകാര്യ വകുപ്പിന്റെ ,23-9-20ലെ ഉത്തരവ് നം.(എം.എസ്)97/2020/ധന പ്രകാരം,മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ ആശാ വർക്കർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ധനകാര്യ വകുപ്പിന്റെ 5-11-20ലെ സർക്കുലർ നം.67/2020/ധന പ്രകാരം, പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. ഇത്തരത്തിൽ മരണപ്പെട്ടതിന് ശേഷവും ഗുണഭോക്താക്കളുടെ എക്കൗണ്ടിലേക്ക് തുക നൽകിയത് മൂലം സാമ്പത്തികനഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും, സാമ്പത്തിക നഷ്ടം ഉള്ള പക്ഷം ആയത് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുമാണ്(എൻക്വയറി നം.13,dt.22-12-22).

## 1-25 ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി.

22-9-2015ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/തസ്വഭവ, പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവർത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ഈ ആവശ്യത്തിനായി ജി എസ് ടി ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇന്റസ്ട്രീസ്&പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 1-3-2019ല, 18/2019/fin സർക്കുലർ ഖണ്ഡിക 6-ൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പ്രവർത്തികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, സൂപ്പർവിഷനുമായി ജി എസ് ടി ഉൾപ്പെടാത്ത എസ്റ്റിമേറ്റ് തുകയ്ക്ക് പകരം., എസ്റ്റിമേറ്റ്+12% ജി എസ് ടി തുകയുടെ 4%ആണ് നൽകിയിരിക്കുന്നത്. ഇപ്രകാരം അധികം നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.(എൻക്വയറി നം.18,dt.24-12-22)

| പ്രോജക്ട് നം,പേര് | എസ്റ്റിമേറ്റ് തുക | 12%ജി എസ് ടി അടക്കമുള്ള എസ്റ്റിമേറ്റ് തുക | 4% പ്രതിഫലം നൽകാവുന്നത് | നൽകിയത് | അധികം നൽകിയത് | തുക നൽകിയതിന്റ വിവരങ്ങൾ |
|---|---|---|---|---|---|---|
| 235/22,തവളക്കുഴിപ്പാറ എസ് ടി കുടിവെള്ള പദ്ധതിയുടെ മോട്ടോർ സ്ഥാപിക്കലും അനുബന്ധപ്രവർത്തികളും | 122168.04 | 136828.20 | 4886.7 | 5473 | 587 | ബിൽനം246/21-22, Dt.27-3-22,തുക135605 |
| 40/22കൃഷിഭവനിൽകുഴൽകിണറിന് മോട്ടോർ സ്ഥാപിക്കലും അനുബന്ധപ്രവർത്തികളും | 230032 | 257635 | 9201 | 10305 | 1104 | ബിൽനം.19821-22,dt.19-2-22, തുക-224370/ |
| 204/22വെട്ടിക്കുഴി പണ്ടാരംപാറപട്ടികവർഗ്ഗകോളനിയിൽ കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണി | 72905 | 81653 | 2916 | 3266 | 350 | ബിൽനം.190/21-22,dt.11-2-22, തുക 68584 |
| ” | 97290 | 108965 | 3892 | 4358 | 466 | ബിൽ നം.191/21-22,dt.11-2-22, തുക95916 |
| 65/22അരുർമുഴി കമ്മ്യൂണിറ്റി ഹാൾ ടോയ്ലറ്റ് ബ്ലോക്ക് ഇലക്ട്രിഫിക്കേഷൻ | 85737 | 96026 | 3429 | 3841 | 412 | ബിൽനം.193/21-22,dt.11-2-22, തുക63575 |
| 222/22വെറ്റിലപ്പാറ, പിള്ളപ്പാറ, നഴ്സറിപ്പടി ജലസേചനപദ്ധതികളുടെ മോട്ടോർ ഇലക്ട്രിക് പമ്പിംഗ് ലൈൻ അറ്റകുറ്റപ്പണി | 341871 | 382895 | 13675 | 15316 | 1641 | ബിൽനം.245/21-22,dt.28-3-22, തുക-278828 |
| | | ആകെ | | | 4560 | |

## 1-26 ആദിവാസി വനിതകളുടെ ഗർഭകാലശുശ്രൂഷ-പദ്ധതിനടത്തിപ്പിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ നിർവഹണോദ്യഗസ്ഥനായ പദ്ധതി നം.81/22 ,ആദിവാസിവനിതകളുടെ ഗർഭകാലശുശ്രൂഷ എന്ന പദ്ധതിയുടെ ലക്ഷ്യം, പഞ്ചായത്തിലെ ആദിവാസി സമൂഹം ഉൾപ്പെടുന്ന മുഴവൻ പൊതുജനങ്ങൾക്കും മികച്ച ആരോഗ്യസേവനം,ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് മികച്ച നിലവാരത്തിലുള്ള സേവനം ലഭ്യമാക്കുക, വിനോദസഞ്ചാരികൾക്ക് ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യസേവനം ഉറപ്പാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ പ്രവർത്തനങ്ങളായി കാണിച്ചിരിക്കുന്നത് താഴെ പറയുന്നവയാണ്.

1. ഗർഭകാലത്ത് അമ്മമാർക്കുള്ള പോഷകാഹാരം 67000/

2.ബോധവൽക്കരണം 1000/

3.അത്യാവശ്യഘട്ടങ്ങളിൽ ഗർഭിണികൾക്ക് മെച്ചപ്പെട്ട

ചികിൽസക്കായി വാഹനസൗകര്യം 10000/

4.ആരോഗ്യപ്രവർത്തകർക്കുംസന്നദ്ധപ്രവർത്തകർക്കും

വീട് സന്ദർശനത്തിന് വാഹനസൗകര്യം 20000/

5.സന്നദ്ധപ്രവർത്തകർക്കുള്ള ഭക്ഷണം 2000/

പദ്ധതിയ്ക്കായി മൊത്തം, 75693/രൂപാ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചു എങ്കിലും, പോഷകാഹാരത്തിനായി ഒരു രൂപാ പോലും ചെലവഴിച്ചതായികാണുന്നില്ല. വാഹനസൗകര്യത്തിനായി, 30000രൂപാ പദ്ധതിയിൽ വകയിരുത്തിയെങ്കിലും 52001/രൂപാ ഈ ഇനത്തിൽ ചെലവ് ചെയ്തതായി കാണുന്നു. കൂടാതെ,3398/ രൂപാ ഇന്ധനചെലവ് ആയും കാണിച്ചിട്ടുണ്ട്. കൂടാതെ,14044/രൂപാ കേരളാ മെഡിക്കൽ സർവീസ് കോർപറേഷനിൽ നിന്നും മരുന്ന് വാങ്ങാനായും ചെലവ് ചെയ്തിട്ടുണ്ട്. ഈ മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സ്റ്റോക്കിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഗർഭിണികൾക്ക് പോഷകാഹാരവിതരണം അങ്കണവാടികൾ മുഖേന ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കുന്നുണ്ട്. മെഡിക്കൽ ഓഫീസർ മുഖേന ഈ ഒരു പദ്ധതി നടപ്പാക്കാനുണ്ടായ സാഹചര്യം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും തന്നെ നൽകാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(എൻക്വയറി നം.7,dt.21-12-22)

തുക നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ബിൽ നം-35/21-22,dt.10-9-21, Amt-18019/

ബിൽ നം-36/21-22,dt.7-10-21,amt-27230/

ബിൽ നം-44/21-22,dt.29-10-21,amt-1900/

ബിൽ നം-49/21-22,dt.3-11-21,amt-14500/

ബിൽ നം-53/21-22,dt.20-11-21,amt-14044/

## 1-27 സാന്ത്വനപരിചരണം- ഹോംകെയർ ഇല്ലാത്ത ദിവസവും വാഹനത്തിന് വാടക. നൽകി-തുക തിരിച്ചടക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ നിർവഹണോദ്യഗസ്ഥനായ പദ്ധതി നം.48/22, സാന്ത്വന പരിചരണം എന്നതിൽ ഹോംകെയർ രജിസ്റ്റർ പ്രകാരം ഗൃഹസന്ദർശനം ഇല്ലാത്ത ദിവസങ്ങളിലും, വാഹനത്തിന് വാടക നൽകിയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1.19-3-22ന് പാലിയേറ്റീവ് കെയർ രജിസ്റ്റർ പ്രകാരം ഗൃഹസന്ദർശനം നടത്തിയതായി കാണുന്നില്ല. എന്നാൽ ,19-3-22ന് അടിച്ചിൽതൊട്ടി വരെ 54 കി.മീറ്റർ വണ്ടി ഓടിയതിന്,2700/രൂപാ വാഹനവാടക നൽകിയതായി കാണുന്നു.

ബിൽ നം.91/21-22,dt.25-3-22, തുക-44976/

2.5-1-22ന്പാലിയേറ്റീവ് കെയർ രജിസ്റ്റർ പ്രകാരം ഗൃഹസന്ദർശനം നടത്തിയതായി കാണുന്നില്ല. എന്നാൽ ട്രിപ്പ് ഷീറ്റിൽ മലക്കപ്പാറയിൽ പോയതായികാണിച്ച് ,2900/രൂപാ നൽകിയിട്ടുണ്ട്.

ബിൽ നം.71/21-22,dt..19-2-22, തുക-24245/

3.24-1-22ന് പാലിയേറ്റീവ് കെയർ രജിസ്റ്റർ പ്രകാരം ഗൃഹസന്ദർശനം നടത്തിയതായി കാണുന്നില്ല. എന്നാൽ ട്രിപ്പ് ഷീറ്റിൽ പിള്ളപ്പാറ, കണ്ണൻകുഴി എന്നിവിടങ്ങളിൽ പോയതായി കാണിച്ച്, 630/രൂപാ നൽകിയിട്ടുണ്ട്.

ബിൽ നം.71/21-22,dt..19-2-22, തുക-24245/

4.19-2-22ന് പാലിയേറ്റീവ് കെയർ രജിസ്റ്റർ പ്രകാരം ഗൃഹസന്ദർശനം നടത്തിയതായി കാണുന്നില്ല. എന്നാൽ ട്രിപ്പ് ഷീറ്റിൽ മലക്കപ്പാറയിൽ പോയതായി കാണിച്ച് , 2900/രൂപാ നൽകിയിട്ടുണ്ട്.

ബിൽ നം.82/21-22,dt.23-3-22,തുക-35127/

സാന്ത്വന പരിചരണത്തിനായി ഓടുന്ന വാഹനം, ഗൃഹസന്ദർശനം ഇല്ലാത്ത ദിവസങ്ങളിൽ വാഹനം ഓടിയതായികാണിച്ച്, ഡ്രൈവർ, ശ്രീ.സുരേഷ്.കെ.ബിയ്ക്ക് നൽകിയ 9130 രൂപാ, ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.8,dt.21-12-22)

## 1-28 വെട്ടിക്കുഴി പണ്ടാരംപാറപട്ടികവർഗ്ഗകോളനിയിൽ കുടിവെള്ളപദ്ധതിയുടെ അറ്റകുറ്റപ്പണി-പണി പൂർത്തിയാക്കി കരാറുകാരന് തുക നൽകിയപ്പോൾ ടെണ്ടർ ബിലോ 7% കുറയ്ക്കാതെ നൽകി

85000/രൂപാ അടങ്കൽ തുകയുള്ള ഈ പദ്ധതിയ്ക്ക്, ശ്രീ.ജിജു.പി.എസ്,പൊട്ടക്കൽ വീട്,മോതിരക്കണ്ണി എന്നയാളുടെ , എസ്റ്റിമേറ്റ് നിരക്കിലും 7% കുറവിനുള്ള ടെണ്ടർ അംഗീകരിക്കുകയും, 1-11-21ലെ 6/22-ാം നമ്പർ കരാർ പ്രകാരം ഇയാൾ കരാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ,7-12-21നുള്ള ടെക്നിക്കൽ അസി.എക്സി.എഞ്ചിനീയറുടെ C2-17/2021-ാം നമ്പർ പ്രവർത്തി നിർവഹണ റിപ്പോർട്ട് പ്രകാരം മേൽ പ്രവൃത്തി പൂർത്തിയാക്കാൻ പറ്റാത്ത വിധം താൽക്കാലികമായി തടസ്സപ്പെട്ട് കാണുന്നതായും, ഫോൾട്ടി ആയ പമ്പ് സെറ്റ് മാറ്റി പുതിയത് സ്ഥാപിക്കാനായി ആയത് 200 അടി നീളത്തിലുള്ള UPVC പൈപ്പ് ഉൾപ്പെടെ ഉയർത്തിക്കഴിഞ്ഞപ്പോൾ ഈ പൈപ്പ് ലൈൻ ഏറെ ദ്രവിച്ചും, പലയിടത്തും നീളെ ദ്വാരങ്ങൾ വീണും തീർത്തും ഉപയോഗശൂന്യമായതായും കാണുന്നതായും, ആയതിനാൽ പുതിയ UPVC പൈപ്പ് ലൈൻ 200 മീറ്റർ നീളത്തിൽ വാങ്ങി സ്ഥാപിക്കേണ്ടത് ഈ വർക്കിന്റെ പൂർത്തീകരണത്തിന് ആവശ്യമാണെന്നും ആയതിന് ബാക്കി വർക്ക് ഉൾപ്പെടുത്തി, 1,14,000/ രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് അംഗീകാരം വാങ്ങി പദ്ധതി പുതുക്കി അടങ്കൽ തുക 1,85,000/ ആക്കുകയും ചെയ്തിട്ടുണ്ട്. 20-12-21ലെ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര യോഗത്തിലെ 1/5-ാം നമ്പർ തീരുമാനപ്രകാരം ഈ പ്രവൃത്തിയുടെ നിലവിൽ കരാർ എടുത്തിരിക്കുന്ന ശ്രീ.ജിജു.പി.എസിനെ കൊണ്ട് തന്നെ പ്രവൃത്തി പൂർത്തീകരിക്കുവാൻ തീരുമാനിച്ചു. ശ്രീ.ജിജു പുതിയ കരാർ വയ്ക്കുകയും പണി ഏറ്റെടുത്ത് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇയാൾക്ക് പ്രവൃത്തി പൂർത്തീകരിച്ച് ആദ്യ ഘട്ടത്തിലെ തുക നൽകിയപ്പോൾ കരാർ പ്രകാരമുള്ള 7% തുക കുറച്ച് നൽകിയെങ്കിലും, രണ്ടാം ഘട്ടത്തിലെ ബിൽ നൽകിയപ്പോൾ ഈ 7% കുറച്ച് കാണുന്നില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.(എൻക്വയറി നം.19,dt.24-12-22)

| തുക നൽകാവുന്നത് | തുക നൽകിയത് | അധികം നൽകിയത് | ബിൽ നം/തിയതി |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം =81747<br>'ടെണ്ടർ ബിലോ കുറയ്ക്കുക 7%=5722 | ആകെ പ്രവൃത്തി മൂല്യം =81747<br>IT =817 | 6447/ | 191/21-22,dt.11-2-22,<br>Amt-95916/ |

| | | | |
|---|---|---|---|
| ആകെ=76025<br>IT =760<br>KCWWF=760<br>------------------<br>74505<br>12% GST= 8941<br>-----------<br>83446 | KCWWF=817<br>--------<br>80113<br>12% GST =9809.6<br>------------<br>89923 | | |
| | | | |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-29 ക്യാൻ തൃശ്ശൂർ-വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ നിർവഹണോദ്യഗസ്ഥനായ ഈ പദ്ധതിയ്ക്കായി ബിൽ നം--38/21-22,dt.7-10-21 പ്രകാരം, 80000/ രൂപാ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-30 ജി.എസ്.ടി ഈടാക്കിയിട്ടില്ല.നഷ്ടം 6257/-

പട്ടിക വർഗ്ഗ കോളനികളിൽ ഇന്റർനെറ്റ് സൗകര്യങ്ങൾ എന്ന പദ്ധതിയുടെ ബില്ലിൽ നിന്നും 2% GST ഈടാക്കിയിട്ടില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

പദ്ധതി.നം.182/22

കരാറുകാരൻ-ശ്രീ.പ്രകാശൻ.ടി.പി

വൗച്ചർ നം.-22100906/31.01.2022 തുക-312848/-

| നൽകിയത് | നൽകേണ്ടത് | അധികം |
|---|---|---|
| പ്രവർത്തി മൂല്യം -265125<br>GST-18% -47723<br>312848<br>കുറയ്ക്കുക:-<br>IT 1% -3128<br>ആകെ -309720 | പ്രവർത്തി മൂല്യം -265125<br>GST-18% -47723<br>312848<br>കുറയ്ക്കുക:-<br>IT 1% 3128<br>GST 2% -6257<br>ആകെ -303463 | 6257/- |

നഷ്ടം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 04/21.12.2022)

## 1-31 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല.

വി.ഇ.ഒ., മലക്കപ്പാറ 2021-22 വർഷം നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ രജിസ്റ്റർ പ്രകാരം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തികരിച്ചതായി കാണുന്നില്ല.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര്/നം. | ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തിയതി |
|---|---|---|---|
| ലൈഫ് ഭവനം,എസ്.സി, ,(ഫേസ് 2)(നൽകാവുന്നത് 400000/-) | അനിത | 360000/- | 19.01.2019 |
| | സുരേഷ് ബാബു | 40000/- | 16.10.2018 |

| | | | |
|---|---|---|---|
| | സുനിത | 360000/- | 16.03.2022 |
| | സന്തോഷ് | 60000/- | 05.03.2022 |
| ലൈഫ് ഭവനം,ടിഎസ്.പി, ,(ഫേസ് 2)(നൽകാവുന്നത് 600000/-) | സുനിത | 420000/- | 05.03.2020 |
| | സുമിത | 540000/- | 26.10.2022 |
| | അലകമ്മ | 420000/- | 06.10.2022 |
| | തങ്കമ്മ | 360000/- | 13.01.2022 |
| ലൈഫ് ഭവനം,ജനറൽ, ,(ഫേസ് 2)(നൽകാവുന്നത് 400000/-) | ഗ്ലിറ്റ സത്യൻ | 360000/- | 31.08.2021 |
| | കാർത്ത്യായനി | 360000/- | 31.08.2021 |
| | ലീല | 360000/- | 31.08.2021 |
| | പുഷ്പ | 360000/- | 21.03.2022 |
| | ലക്ഷ്മി | 360000/- | 21.03.2022 |
| | സിന്ധു.കെ.എൻ | 360000/- | 21.03.2022 |
| | ചിത്ര വിജയൻ | 60000/- | 15.02.2022 |
| | ബിന്ദു | 360000/- | 25.02.2022 |
| | ആനന്ദൻ | 360000/- | 08.03.2022 |

(ഓഡിറ്റ് എൻക്വയറി-നം. 11/ 21 .12.2022) ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 മരാമത്ത് പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല.

കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. GO(P) 13/2012 /PWD/01-01-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരൻ, കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി AE മുഖേന, കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, AE ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഒറ്റത്തവണ, 1% പിഴ ഈടാക്കിക്കൊണ്ട് ഒറിജിനൽ സമയത്തിന്റെ 25%, 1% പിഴ അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവ് അത്) നിരക്കിലും പരമാവധി 50% വരെയും ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കാത്തത് വിശദമാക്കേണ്ടതാണ്. മാത്രമല്ല, മേൽ ചട്ട പ്രകാരം കരാർ കാലാവധിക്ക് ശേഷം കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകപോലും ചെയ്യാതെ കരാറുകാരൻ പ്രവൃത്തി സ്ഥലത്ത് ചെയ്യുന്ന പ്രവൃത്തികൾ അനധികൃതവുമാണ്.

താഴെ പറയുന്ന പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.

എ)മലക്കപ്പാറ പി.എച്ച്.സി.സബ്ബ് സെന്റർ പുനരുദ്ധാരണം-(പദ്ധതി നം.162/22)

അടങ്കൽ: 800000/- രൂപ

കരാറുകാരൻ: ജീമോൻ പി ജോസ്

കരാർ: 12/AE/LSGD/ATPLY/19-20, Dt.17-12-2019

കരാർ തുക: 714203 /- രൂപ

അളവ് പുസ്തകം: 12/19-20,20/20-21,50/20-21

കരാർ കാലവധി: 3 മാസം(TS Order)

പൂർത്തീകരിക്കേണ്ടതീയതി: 17.03.20

പൂർത്തീകരിച്ച തീയതി : AEഅളവ് എടുത്ത തിയ്യതി 27.02.2021 (എംബുക്ക് നം.50/20-21 പേജ് 29)

ചെലവ്: 691331/- രൂപ (വൗച്ചർനം.22100453/26.08.2021-434492,ബാക്കി തുക 256839/-രൂപ 2020-21 വർഷം നൽകിയിട്ടുണ്ട്.)

മേൽ പ്രവൃത്തി കരാർ പ്രകാരം 17.03.20 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ 27.02.2021 ന് മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കാതെയാണ് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്.

ബി) കുതിരമുക്കംതോട് സൈഡ് പ്രൊട്ടക്ഷൻ(165/22)

അടങ്കൽ: 960000/- രൂപ

കരാറുകാരൻ: ജോമോൻ.കെ.ജി

കരാർ: 3/AE/LSGD/ATPLY/20-21 Dt.10-06-2020

കരാർ തുക : 845992/- രൂപ

അളവ് പുസ്തകം : 21/20-21,156/21

കരാർ കാലവധി: 6 മാസം (TS Order)

പൂർത്തീകരിക്കേണ്ട തീയതി: 10.12.2020

പൂർത്തീകരിച്ച തീയതി: AEഅളവ് എടുത്ത തിയ്യതി.07.01.2022 (എംബുക്ക് നം.156 /21 പേജ് 2)

ചെലവ്: 939328/-രൂപ ( വൗച്ചർ നം. 22100909/01.02.22 –191166/-ബാക്കി തുക 748162/-രൂപ 2020-21 വർഷം നൽകിയിട്ടുണ്ട്.)

മേൽ പ്രവൃത്തി കരാർ പ്രകാരം 10.12.2020 -ന് പൂർത്തീകിക്കേണ്ടതായിരുന്നു. എന്നാൽ 07.01.2022 ന് മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കാതെയാണ് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്.

സി) പെരിങ്ങൽക്കുത്ത് സ്കൂൾ ടോയ്ലറ്റ് നിർമ്മാണം(170/22)

അടങ്കൽ: 800000/- രൂപ

കരാറുകാരൻ: സുരേഷ്.സി.വി

കരാർ: 26/AE/LSGD/ATPLY/20-21, Dt.23-01-2021

കരാർ തുക: 691487/- രൂപ

അളവ് പുസ്തകം: 03/20-21,167/21

കരാർ കാലവധി: 6 മാസം (TS Order)

പൂർത്തീകരിക്കേണ്ട തീയതി : 23.07.21

പൂർത്തീകരിച്ച തീയതി : AEഅളവ് എടുത്ത തിയ്യതി 23.09.21(എംബുക്ക് നം. 3/20-21 പേജ് 16)

ചെലവ്: 765256/-രൂപ ( 22101090/08.03.22-411347/-, 22100621/11.11.21 353909/-) മേൽ പ്രവൃത്തി കരാർ പ്രകാരം 23.07.21 -ന് പൂർത്തീകിക്കേണ്ടതായിരുന്നു. എന്നാൽ 23.09.21 ന് മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കാതെയാണ് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്.

ഡി) കുളിക്കടവ് റോഡ് ഡ്രെയിൻ നിർമ്മാണം-വാർഡ്-2 (170/22)

അടങ്കൽ: 965000/- രൂപ

കരാറുകാരൻ: ജീമോൻ പി ജോസ്

കരാർ: 1/AE/LSGD/ATPLY/19-20, Dt.08-11-2019

കരാർ തുക: 773628/- രൂപ

അളവ് പുസ്തകം: 28/20-21

കരാർ കാലവധി: 3 മാസം (TS Order)

പൂർത്തീകരിക്കേണ്ട തീയതി : 08.02.2021

പൂർത്തീകരിച്ച തീയതി : AEഅളവ് എടുത്ത തിയ്യതി 08.10.2021(എംബുക്ക് നം. 28/20-21 പേജ് 4)

ചെലവ്: 852202/-രൂപ (22100619/11.11.21-639202/-,22100618/11.11.2021- 213000/-) മേൽ പ്രവൃത്തി കരാർ പ്രകാരം 08.02.2021 -ന് പൂർത്തീകിക്കേണ്ടതായിരുന്നു. എന്നാൽ 08.10.2021 ന് മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കാതെയാണ് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്.
മുകളിൽ പറഞ്ഞ നഷ്ടങ്ങൾ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/22.12.2022)

## 1-33 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി:നാളിതുവരെ കമ്മീഷൻ ചെയ്യിട്ടില്ല

അസി.എഞ്ചിനീയർ നടപ്പിലാക്കിയ പിള്ളപ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി(161/22) പ്രകാരം 589646/- രൂപ ചെലവ് ചെയ്ത് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ കമ്മീഷൻ ചെയ്യിട്ടില്ല. പദ്ധതി കമ്മീഷൻ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/22.12.2022)

## 1-34 പ്രിന്റർ ലഭ്യമായിട്ടില്ല

അസി.എഞ്ചിനീയർ നടപ്പിലാക്കിയ പ്രിന്റർ വാങ്ങൽ(205/22) പദ്ധതി പ്രകാരം വൗച്ചർ നം.22101058/19.02.2022 പ്രകാരം 20018/-രൂപ കേരള സ്റ്റേറ്റ് ഐ.ടി മിഷന് നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ പ്രിന്റർ ലഭ്യമായിട്ടില്ല. പ്രിന്റർ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 14/22.12.2022)

## 1-35 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപറയുന്ന പദ്ധതികളിൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| പദ്ധതി നം./പേര് | തുക കൈമാറിയ സ്ഥാപനം | വൗച്ചർ നം./തിയതി | തുക | റിമാർക്സ് |
|---|---|---|---|---|
| എസ്.എസ്.എ 16/22 | ഡയറക്ടർ,എസ്.എസ്.എ | 22100525/ 11.10.2021 | 400000/- | - |

(ഓഡിറ്റ് റിക്വസിഷൻ തിയതി 19.12.22)

## 1-36 ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥരായ എച്ച്.എം ,സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്,ഐസിഡിഎസ് സൂപ്പർവൈസർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. ക്യാഷ് ബുക്ക് എഴുതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് റിക്വസിഷൻ തിയതി 19.12.22).

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 സാന്ത്വനപരിചരണം- ഹോംകെയർ ഇല്ലാത്ത ദിവസവും വാഹനത്തിന് വാടക. നൽകി- തുക തിരിച്ചടക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ നിർവഹണോദ്യഗസ്ഥനായ പദ്ധതി നം.48/22, സാന്ത്വന പരിചരണം എന്നതിൽ ഹോംകെയർ രജിസ്റ്റർ പ്രകാരം ഗൃഹസന്ദർശനം ഇല്ലാത്ത ദിവസങ്ങളിലും, വാഹനത്തിന് വാടക നൽകിയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1.19-3-22ന് പാലിയേറ്റീവ് കെയർ രജിസ്റ്റർ പ്രകാരം ഗൃഹസന്ദർശനം നടത്തിയതായി കാണുന്നില്ല. എന്നാൽ ,19-3-22ന്

അടിച്ചിൽതൊട്ടി വരെ 54 കി.മീറ്റർ വണ്ടി ഓടിയതിന്, 2700/രൂപ വാഹനവാടക നൽകിയതായി കാണുന്നു.

ബിൽ നം.91/21-22,dt.25-3-22, തുക-44976/

2.5-1-22ന്പാലിയേറ്റീവ് കെയർ രജിസ്റ്റർ പ്രകാരം ഗൃഹസന്ദർശനം നടത്തിയതായി കാണുന്നില്ല. എന്നാൽ ട്രിപ്പ് ഷീറ്റിൽ മലക്കപ്പാറയിൽ പോയതായികാണിച്ച്, 2900/രൂപ നൽകിയിട്ടുണ്ട്.

ബിൽ നം.71/21-22,dt..19-2-22, തുക-24245/

3.24-1-22ന് പാലിയേറ്റീവ് കെയർ രജിസ്റ്റർ പ്രകാരം ഗൃഹസന്ദർശനം നടത്തിയതായി കാണുന്നില്ല. എന്നാൽ ട്രിപ്പ് ഷീറ്റിൽ പിള്ളപ്പാറ, കണ്ണൻകുഴി എന്നിവിടങ്ങളിൽ പോയതായി കാണിച്ച്, 630/രൂപ നൽകിയിട്ടുണ്ട്.

ബിൽ നം.71/21-22,dt..19-2-22, തുക-24245/

4.19-2-22ന് പാലിയേറ്റീവ് കെയർ രജിസ്റ്റർ പ്രകാരം ഗൃഹസന്ദർശനം നടത്തിയതായി കാണുന്നില്ല.എന്നാൽ ട്രിപ്പ് ഷീറ്റിൽ മലക്കപ്പാറയിൽ പോയതായി കാണിച്ച്, 2900/രൂപ നൽകിയിട്ടുണ്ട്.

ബിൽ നം.82/21-22,dt.23-3-22,തുക-35127/

സാന്ത്വന പരിചരണത്തിനായി ഓടുന്ന വാഹനം , ഗൃഹസന്ദർശനം ഇല്ലാത്ത ദിവസങ്ങളിൽ വാഹനം ഓടിയതായികാണിച്ച്, ഡ്രൈവർ,ശ്രീ.സുരേഷ്.കെ.ബിയ്ക്ക് നൽകിയ 9130 രൂപാ, ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം.8,dt.21-12-22).

## 3-2 വെട്ടിക്കുഴി പണ്ടാരംപാറപട്ടികവർഗ്ഗകോളനിയിൽ കുടിവെള്ളപദ്ധതിയുടെ അറ്റകുറ്റപ്പണി-പണി പൂർത്തിയാക്കി കരാറുകാരന് തുക നൽകിയപ്പോൾ ടെണ്ടർ ബിലോ 7% കുറയ്ക്കാതെ നൽകി

85000/രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതിയ്ക്ക്, ശ്രീ.ജിജു.പി.എസ്,പൊട്ടക്കൽ വീട്,മോതിരക്കണ്ണി എന്നയാളുടെ , എസ്റ്റിമേറ്റ് നിരക്കിലും 7% കുറവിനുള്ള ടെണ്ടർ അംഗീകരിക്കുകയും, 1-11-21ലെ 6/22-ാം നമ്പർ കരാർ പ്രകാരം ഇയാൾ കരാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ,7-12-21നുള്ള ടെക്നിക്കൽ അസി.എക്സി.എഞ്ചിനീയറുടെ C2-17/2021-ാം നമ്പർ പ്രവർത്തി നിർവഹണ റിപ്പോർട്ട് പ്രകാരം മേൽ പ്രവൃത്തി പൂർത്തിയാക്കാൻ പറ്റാത്ത വിധം താൽക്കാലികമായി തടസ്സപ്പെട്ട് കാണുന്നതായും, ഫോൾട്ടി ആയ പമ്പ് സെറ്റ് മാറ്റി പുതിയത് സ്ഥാപിക്കാനായി ആയത് 200 അടി നീളത്തിലുള്ള UPVC പൈപ്പ് ഉൾപ്പെടെ ഉയർത്തിക്കഴിഞ്ഞപ്പോൾ ഈ പൈപ്പ് ലൈൻ ഏറെ ദ്രവിച്ചും, പലയിടത്തും നീളെ ദ്വാരങ്ങൾ വീണും തീർത്തും ഉപയോഗശൂന്യമായതായും കാണുന്നതായും, ആയതിനാൽ പുതിയ UPVC പൈപ്പ് ലൈൻ 200 മീറ്റർ നീളത്തിൽ വാങ്ങി സ്ഥാപിക്കേണ്ടത് ഈ വർക്കിന്റെ പൂർത്തീകരണത്തിന് ആവശ്യമാണെന്നും ആയതിന് ബാക്കി വർക്ക് ഉൾപ്പെടുത്തി, 1,14,000/ രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് അംഗീകാരം വാങ്ങി പദ്ധതി പുതുക്കി അടങ്കൽ തുക 1,85,000/ ആക്കുകയും ചെയ്തിട്ടുണ്ട്. 20-12-21ലെ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര യോഗത്തിലെ 1/5-ാം നമ്പർ തീരുമാനപ്രകാരം ഈ പ്രവൃത്തിയുടെ നിലവിൽ കരാർ എടുത്തിരിക്കുന്ന ശ്രീ.ജിജു.പി.എസിനെ കൊണ്ട് തന്നെ പ്രവൃത്തി പൂർത്തീകരിക്കുവാൻ തീരുമാനിച്ചു. ശ്രീ.ജിജു പുതിയ കരാർ വയ്ക്കുകയും പണി ഏറ്റെടുത്ത് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇയാൾക്ക് പ്രവൃത്തി പൂർത്തീകരിച്ച് ആദ്യ ഘട്ടത്തിലെ തുക നൽകിയപ്പോൾ കരാർ പ്രകാരമുള്ള 7% തുക കുറച്ച് നൽകിയെങ്കിലും, രണ്ടാം ഘട്ടത്തിലെ ബിൽ നൽകിയപ്പോൾ ഈ 7% കുറച്ച് കാണുന്നില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.(എൻക്വയറി നം.19,dt.24-12-22)

| തുക നൽകാവുന്നത് | തുക നൽകിയത് | അധികം നൽകിയത് | ബിൽ നം/തിയതി |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം =81747<br>'ടെണ്ടർ ബിലോ കുറയ്ക്കുക 7%=5722<br>ആകെ=76025<br>IT =760<br>KCWWF=760<br>------------------<br>74505<br>12% GST= 8941 | ആകെ പ്രവൃത്തി മൂല്യം =81747<br>IT =817<br>KCWWF=817<br>--------<br>80113<br>12% GST =9809.6 | 6447/ | 191/21-22,dt.11-2-22,<br>Amt-95916/ |

| | | | |
|---|---|---|---|
| -----------<br>83446 | ------------<br>89923 | | |
| | | | |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | അംഗൻവാടി പോഷകാഹാരം | 99930 | 100070 |
| | 2021-22 | 100000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ് | 100000 | 0 |
| | 2021-22 | 202000 | സാന്ത്വനപരിചരണം | 183800 | 18200 |
| | 2021-22 | 100000 | കോവിഡ് പ്രതിരോധ പ്രവർത്തനം | 100000 | 0 |
| | 2019-20 | 100000 | ലൈഫ് ഭവനം പട്ടികജാതി | 60000 | 40000 |
| | 2021-22 | 350000 | പഞ്ചായത്തിൻറെ വിവിധ പ്രദേശങ്ങളിൽ സിസിടിവി കാമറ സ്ഥാപിക്കൽ | 350000 | 0 |
| ജില്ലാ പഞ്ചായത്ത് | | | | | |
| | | | | | |
| | 2021-22 | 500000 | കോവിഡ് പ്രതിരോധ പ്രവർത്തനം | 499884 | 116 |
| | | 220000 | ലൈഫ് മിഷൻ പദ്ധതി വീട്ടുകളുടെ നിർമ്മാണം (എസ്.ടി) | 40000 | 180000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| GWA | കൊറ്റം കോളനി പകൽ വീടിന് കുഴൽ കിണർ നിർമ്മാണം | 2123045202180017 4137 | 5805 | 5805 | 0 |
| KSEB | പഞ്ചായത്തിൻറെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | XVFC/2021-22/P/2 | 1299817 | 1299817 | 0 |

| | | | | | |
|---|---|---|---|---|---|
| KSEB | മലക്കപ്പാറ പി എച്ച് സി സബ് സെൻറർ കുടിവെള്ള പദ്ധതി | XVFC/2021-22/P/13 | 94000 | 55087 | 38913 |
| GWA | കണ്ണൻകുഴി ക്രിമറ്റോറിയത്തിൽ കുഴൽകിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും അനുബന്ധപ്രവർത്തികളും | XVFC/2021-22/P/12 | 47000 | 0 | 47000 |
| KSEB | ആനക്കയം(പോത്തുപാറ) അടിച്ചിൽതൊട്ടി എന്നീ എസ്ടി കോളനികളിലേക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ | XVFC/2021-22/P/14 | 1321094 | 1321094 | 0 |
| KSEB | അരേക്കാപ്പ് മലക്കപ്പാറ എന്നീ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | XVFC/2021-22/P/18 | 1717773 | 1717773 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്-

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്-

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയതി |
|---|---|---|---|---|
| 2001-02 | 2.4 | 143 | നാരായണൻ കെ വി | 121010101417, 12-01-2022 |
| 2001-02 | 3.2 | 776 | നാരായണൻ കെ വി | 121010101418, 12-01-2022 |
| ആകെ | | 919 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 29 | | | സാമൂഹിക വനവൽക്കരണം തൈകൾ പരിപാലിച്ചില്ല | കെ.പി.ആർ ആക്ട് 1994 വകുപ്പ് 215(9) പ്രകാരം ബഹു. കോടതി |

| | | | | | |
|---|---|---|---|---|---|
| | | | | | പരാമർശത്തിന്മേലുള്ള നടപടി അവസാനിപ്പിച്ച് ഉത്തരവായിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കുന്നതിന് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |
| 2022-03 | 3.3 | 2002-03 To 2006-07 | 3.53.4 | സ്ട്രീറ്റ് ലൈറ്റ് പണികൾക്കായി 31/03/2003 ന് ചെക്ക് നമ്പർ 587191 പ്രകാരം 245060/- രൂപ അടവാക്കിയിട്ടുണ്ട്. ആയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. 2022/670. ആയതിനാൽ പരാമർശം ഒഴിവാക്കുന്നതിന് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |
| | 3.5 | 2002-03 To 2006-07 | 3.56.1 | കാട വളർത്തൽ പദ്ധതി- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനും ജനറൽ വിഭാഗത്തിനുമായി അനുവദിച്ച ഫണ്ട് നഷ്ടപ്പെടുത്തിയത് ഈടാക്കേണ്ടതാണ്. 71000+12% പലിശ | നിയമസഭാസമിതിയുടെ പരിഗണനയിലുള്ള വിഷയം. കോടതിയിൽ വ്യവഹാരമുണ്ട്. ഹൈക്കോടതി കേസ് നമ്പർ WP(C ) 32044/2019 |
| | 3.11 | 2003-04, 2004-05 | 3.56.2 | മലക്കപ്പാറ കുടിവെള്ള പദ്ധതി - 100 എച്ച്.പി മോട്ടോറും പിവിസി പൈപ്പും വാങ്ങിയതിനു ശേഷം പദ്ധതി ഉപേക്ഷിച്ചത്- തുടർ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. | CAR പരിഗണനയിലുള്ള വിഷയം |
| | 3.12 | 2002-03 To 2006-07 | 3.53.2 | വിനിയോഗ വിവരം ഇല്ല - തുക തടസ്സപ്പെടുത്തുന്നു. കന്നുകുട്ടി പരിപാലനം . 262500/- രൂപ തടസ്സപ്പെടുത്തുന്നു. | ധനവിനിയോഗം സംബന്ധിച്ച് SLBP ഡയറക്ടറുടെ കത്ത് ഉള്ളടക്കം ചെയ്യുന്നു.പരാമർശം ഒഴിവാക്കുന്നതിന് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |
| 2009-10, 2010-11 | 3.14 | | | ഗ്രാമപഞ്ചായത്തിൻ കീഴിൽ 1997-98 വർഷം മുതൽ 2010-11 വരെ വികസന ഫണ്ട് ഉപയോഗിച്ച് ബ്ലോക്ക്പഞ്ചായത്തിൻെറയും ഗ്രാമപഞ്ചായത്തിൻെറയും മേൽനോട്ടത്തിൽ നിരവധി ലിഫ്റ്റ് ഇറിഗേഷൻ സ്കീം, കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി മോട്ടോർ പമ്പ് സെറ്റും പി.വി.സി പൈപ്പും വാങ്ങിയ | നിയമസഭാസമിതിയുടെ പരിഗണനയിലുള്ള ഖണ്ഡിക |

| | | | | | |
|---|---|---|---|---|---|
| | | | | പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല | |
| 2012-13 | 3.15 | 2006-07 | 3.56.2 | കുടിവെള്ള പദ്ധതിക്കായി 214000/- രൂപ ചെലവഴിച്ച് വാങ്ങിയ 100 എച്ച്.പി മോട്ടോർ ഉപയോഗ ശൂന്യമായി നശിക്കുന്നു. | 2006-07 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ 3.56.2 നമ്പർ ഖണ്ഡികയിൽ പ്രസ്തുത പരാമർശം നിലനിൽക്കുന്നു. ആയതിനാൽ ഈ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് കരുതുന്നു. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 93170499 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79965619 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15577 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3016180 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 9130 | ,മെഡിക്കൽ ഓഫീസർ |
| 3-2 | 6447 | പി.ജി.പ്രദീപ്, സെക്രട്ടറി |
| ആകെ | 15577 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 2463031 | ഇന്ദു വിശ്വകുമാർ,ഐസിഡിഎസ് സൂപ്പർവൈസർ |
| 1-19 | 239160 | " |
| 1-20 | 57300 | " |
| 1-21 | 46699 | " |
| 1-23 | 134297 | |
| 1-26 | 75693 | ഡോ.പീറ്റർ ജോസഫ്, മെഡിക്കൽ ഓഫീസർ |
| ആകെ | 3016180 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.പീറ്റർ ജോസഫ്, മെഡിക്കൽ ഓഫീസർ | ലഭ്യമല്ല. | ഡോ.പീറ്റർ ജോസഫ്, കിണറ്റിങ്ങൽ ഹൗസ്,കോൺവെന്റ് റോഡ്,കെ ടി എം റോഡ്,ചാലക്കുടി |
| ശ്രീ.പി.ജി.പ്രദീപ്,സെക്രട്ടറി | സെക്രട്ടറി, അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് | പന്തപ്പിള്ളി വീട് കൊക്കുന്ന്, എറണാംകുളം-683577 |
| ഇന്ദു വിശ്വകുമാർ | ഐസിഡിഎസ് സൂപ്പർവൈസർ. അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് | ഇന്ദു വിശ്വകുമാർ കരിപ്പാരടി ഹൗസ് താണിശ്ശേരി സൗത്ത്. ഐരാണികുളം 680734 മാള, തൃശ്ശൂർ ജില്ല. |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1998-99 | LFT.7-618/2000 Dt.28.11.02 | 1 | 29 | CAR |
| 2 | 2002-03 | LFT14-618/06 Dt.19.08.06/ 9.1.07 | 4 | 3-3, 3-5, 3-11, 3-12 | CAR |
| 3 | 2004-05 | LFT14-65/09 Dt.21.12.09 | 2 | 3-6, 3-14 | |
| 4 | 2005-06 | LFT14-821/2009 Dt.24.7.10 | 3 | 3-6, 3-8, 3-13(1), (2) | |
| 5 | 2006-07 | LFT14-822/09 Dt.24.7.10/ 10.11.10 | 4 | 3-7, 3-11(1), (2) 3-12, 3-13 | |
| 6 | ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | 1 | 3-8 | |
| 7 | 2008-09 | LFT15-691/11 Dt.19.2.11/ 2.1.12 | 3 | 3-6, 3-8, 3-10 (എ) | |
| 8 | 2009-10 2010-11 | LFT.P3-1662/12 Dt.11.1.13/ 6.4.13 | 4 | 3-8, 3-11, 3-14, 3-15 | 3-14 CAR |

| | | | | | |
|---|---|---|---|---|---|
| 9 | 2011-12 | LFT.P7-1985/13<br>Dt.3.4.14/<br>18.6.14 | 1 | 3-6 | |
| 10 | 2012-13 | LFT.P7-1908/14<br>Dt.10.06.15<br>27.7.15 | 3 | 3-6, 3-10, 3-15 | 3-15 CAR |
| 11 | 2013-14 | KSATSR(P7)-221/16<br>Dt.22.2.15/<br>18.03.16 | 2 | 3-1, 3-13 | |
| 12 | 2014-15 | KSATSR(P7)-1278/16<br>Dt.29.7.16 | 6 | 2-4, 3-4, 3-5,<br>3-6, 3-9, 3-12 | |
| 13 | 2015-16 | KSATSR(P7)-75/2017<br>Dt.25.1.17 | 4 | 3-2(എ1)<br>(എ3),(ഡി)(ഇ)<br>(എഫ്)<br>3-7(എ), 3-9,<br>3-19 | |
| 14 | 2016-17 | KSATSR(P7)-1055/17<br>Dt.28.7.17 | 1 | 3-8 | |
| 15 | 2017-18 | KSATSR(P7)-338/19<br>Dt.16.5.19/<br>24.05.19 | 5 | 3-1,3-2,3-5,<br>3-6,3-8 | |
| 16 | 2018-2019 | KSATSR(PT)332/2020<br>DT.16-5-2019 | - | | |
| 17 | 2019-2020 | KSATSRP1.326/22<br>DT.17-5-22 | | | |
| 18 | 2020-2021 | KSATSRP1.327/22<br>DT.23-5-22 | | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്